പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 1529 — 15.06.2012 ൽ മറുപടിയ്ക്ക്

## കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ | ഡോ. എം.കെ. മുനീർ |
| ശ്രീ. കെ. അച്ചുതൻ | പഞ്ചായത്തും സാമൂഹ്യക്ഷേമവും |
| ശ്രീ.വി..ഡി. സതീശൻ | വകുപ്പുമന്ത്രി |
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ | |

| | | | |
|---|---|---|---|
| എ | കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | എ | കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട് |
| ബി | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ; | ബി | സംസ്ഥാനത്തെ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ രണ്ട് ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനം ഉള്ള കുടുംബങ്ങളിലെ ബധിരരും മൂകരുമായ കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷിക്കാവുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ പദ്ധതി മാന ദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ടെക്നിക്കൽ കമ്മറ്റികൾക്ക് പരിശോധിച്ച് ശുപാർശ ചെയ്യുന്നതിന് അയച്ചുകൊടുക്കുന്നു. കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ പൂർണ്ണമായും വൈകല്യം മാറ്റിയെടുക്കാൻ സാധിക്കുമെന്ന് റീജിയണൽ ടെക്നിക്കൽ കമ്മറ്റി കണ്ടെത്തി ശുപാർശ ചെയ്യുന്ന അപേക്ഷകൾ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മറ്റിക്ക് സമർപ്പിക്കുകയും പ്രസ്തുത കമ്മറ്റി തെരഞ്ഞെടുക്കുന്ന മുറയ്ക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാ |

| | | | |
|---|---|---|---|
| | | | ക്കുകയും ചെയ്യും. മൂന്ന് വയസ്സു വരെയുള്ള കുട്ടികൾക്കാണ് കോക്ലി യാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ ഏറ്റവും നല്ല ഫലം ലഭിക്കുവാൻ സാധ്യതയുള്ളത്. എങ്കിലും. ഡോക്ട റുടെ ശുപാർശയുടെ അടിസ്ഥാന ത്തിൽ 5 വയസ്സുവരെയുള്ള കുട്ടികളേയും പരിഗണിക്കും |
| സി | ഈ പദ്ധതി ഏതെല്ലാം വിഭാഗ ക്കാരെയാണ് ലക്ഷ്യമിട്ടിട്ടു ള്ളത് ; | സി | ബധിരരും മൂകരുമായ 0-3 വയസ്സു വരെയുള്ള കുട്ടികളെയാണ് പദ്ധതി യിൽ ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത പ്രായപരിധിയിലുള്ള കുട്ടികൾ ക്കാണ് കോക്ലിയാർ ഇംപ്ലാ ന്റേഷൻ സർജറിയിലൂടെ ഏറ്റവും നല്ല ഫലം ലഭിക്കുവാൻ സാധ്യതയുള്ളത്. ഡോക്ടർ അനുകൂല റിപ്പോർട്ടു ണ്ടെങ്കിൽ അഞ്ചു വയസ്സുവരെയുള്ള കുട്ടികളെയും പരിഗണിക്കുന്നതാണ്. സംസ്ഥാനത്തെ രണ്ട് ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനം ഉള്ള കുടുംബങ്ങളിലെ ബധിരരും മൂകരുമായ കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. |
| ഡി | ഈ പദ്ധതിയിലൂടെ എന്തെല്ലാം ധനസഹായങ്ങളും ചികിത്സാ സൗകര്യങ്ങളും ആണ് നൽകു ന്നത് ; | ഡി | ശ്രുതിതരംഗം പദ്ധതി പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി യ്ക്കുവേണ്ടി ഒരു കുട്ടിയ്ക്ക് സർജറി നടത്തുവാനായി 4,56,521/- രൂപ വിലയിലുള്ള കോക്ലിയാർ ഇംപ്ലാന്റ് ബന്ധപ്പെട്ട ആശുപത്രി കൾക്ക് നൽകുകയും അതിനു ശേഷം മാപ്പിംഗിനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനുമായി 50,000/- രൂപയുമാണ് അനുവദി ക്കുന്നത്. |
| ഇ | ഈ പദ്ധതിക്ക് ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സാ സൗകര്യം ഒരുക്കിയിട്ടുള്ളത് | ഇ | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ കോഴിക്കോട് മെഡിക്കൽ കോളേജ് മാത്രമാണ് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുവാനുള്ള പ്രാഥമിക സൗകര്യ ങ്ങൾ ഇപ്പോൾ ലഭ്യമായിട്ടുള്ളത്. |

R. Vijay

സെക്ഷൻ ഓഫീസർ